LIBRARY ARCHIVES Kerala Legislative Assembly

ഓണം, റംസാൻ ചന്തകൾ

4 (*544) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം ഓണം, റംസാൻ ചന്തകൾ ആരംഭിക്കാൻ സാധിക്കാത്തത് എന്തുകൊണ്ടെന്ന് അറിയിക്കാമോ ;

(ബി) അവശ്യ സാധനങ്ങളുടെ വില വർദ്ധിച്ചിരിക്കുന്ന ഈ സമയത്ത് സംസ്ഥാന വ്യാപകമായി ഓണം-റംസാൻ ചന്തകൾ ആരംഭിക്കേണ്ടതില്ല എന്ന് തീരുമാനിക്കാൻ കാരണമെന്തായിരുന്നു ;

(സി) ഈ സീസണിൽ പൊതുകമ്പോളത്തിൽ വിലവർദ്ധന പിടിച്ചുനിർത്താൻ സബ്സിഡിക്കായി എത്ര തുകയാണ് നീക്കിവച്ചിട്ടുള്ളത് ;

(ഡി) സാധനങ്ങളുടെ വില വർദ്ധിക്കുകയും ഗുണം കുറയുകയും ചെയ്തതോടെ സിവിൽസപ്ലൈസിന്റെ വില്പനശാലകൾ ജനങ്ങൾക്ക് ഉപയോഗപ്രദമാകുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : സർ,

(എ&ബി) ഈ വർഷം റംസാൻ ചന്തകൾ റംസാൻ സമയത്ത് തന്നെ സംഘടിപ്പിച്ചിരുന്നു. ഓണച്ചന്തകൾ ആഗസ്റ്റ് 10 മുതൽ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ബി.പി.എൽ. കിറ്റ്, സ്പെഷ്യൽ പഞ്ചസാര തുടങ്ങി കഴിഞ്ഞ വർഷം നൽകിയ എല്ലാ ആനുകൂല്യങ്ങളും ഈ വർഷവും നൽകുന്നതാണ്.

(സി) സപ്ലൈകോയ്ക്ക് 64 കോടി രൂപ അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ഡി) സാധനങ്ങൾക്ക് അനിയന്ത്രിതമായ വിലക്കയറ്റമില്ല. ഗുണനിലവാരം ഉറപ്പുവരുത്തിയാണ് സപ്ലൈകോയിൽ സാധനങ്ങൾ ലഭ്യമാക്കുന്നത്. സപ്ലൈകോയുടെ പ്രവർത്തനങ്ങൾ ജനങ്ങൾക്ക് ഏറെ ഉപയോഗപ്രദമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : സർ, റംസാൻ ചന്തകൾ സംസ്ഥാനത്താകെ ആരംഭിച്ചുവെന്നാണ് മറുപടിയിൽ പറഞ്ഞിട്ടുള്ളത്. ഞാൻ ചാവക്കാട്-ഗുരുവായൂർ മേഖലയിൽ നിന്നാണ് വരുന്നത്. യഥാർത്ഥത്തിൽ കേരളത്തിൽ പല സ്ഥലത്തും റംസാൻ പ്രമാണിച്ച് സിവിൽസപ്ലൈസ് കോർപ്പറേഷന്റെ ചന്തകൾ ആരംഭിച്ചിട്ടില്ല. മറുപടിയിൽ മന്ത്രി പറഞ്ഞിട്ടുള്ളത്, റംസാൻ ചന്തകൾ സമയത്ത് തന്നെ സംഘടിപ്പിച്ചിരുന്നുവെന്നാണ്. ഈ സഭയിലെ ഏതെങ്കിലും ഒരംഗം തന്റെ മണ്ഡലത്തിൽ റംസാൻചന്ത തുടങ്ങിയിരുന്നുവെന്ന് പറയുമെന്ന് എനിക്ക് തോന്നുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി എന്തിനാണ് സഭയെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലുള്ള മറുപടി നൽകുന്നതെന്നാണ് എന്റെചോദ്യം. യഥാർത്ഥത്തിൽ കേരളത്തിൽ അങ്ങനെയൊരു ചന്ത നടന്നിട്ടുമില്ല, ചന്ത നടത്തുന്നതിനാവശ്യമായ യാതൊരു തയ്യാറെടുപ്പും വകുപ്പുമന്ത്രിയുടെയോ ഗവൺമെന്റിന്റെയോ ഭാഗത്തുനിന്നും ഉണ്ടായിട്ടുമില്ല എന്നുള്ളതാണ് യാഥാർത്ഥ്യം.

ശ്രീ. അനൂപ് ജേക്കബ് : സർ, എനിക്ക് സഭയെ തെറ്റിദ്ധരിപ്പിക്കാൻ കഴിയില്ല. വസ്തുതാപരമായ മറുപടിയാണ് ഞാൻ നൽകിയിട്ടുള്ളത്. 64 റംസാൻ ചന്തകൾ കേരളത്തിൽ നടന്നിട്ടുണ്ട്.....(ബഹളം).....ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ മനസ്സിലാക്കാനുള്ളത്, ...(ബഹളം)..... മറുപടി പറയാൻ അനുവദിച്ചില്ലെങ്കിൽ എന്തുചെയ്യും?

മി. സ്പീക്കർ : പ്ലീസ്.... ചോദ്യത്തിനുള്ള മറുപടി പറയേണ്ടേ.

ശ്രീ. അനൂപ് ജേക്കബ് : സർ, ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്തെ ഓർമ്മ വച്ചാണ് പ്രതിപക്ഷം പറയുന്നത്. 2009-10 കാലഘട്ടത്തിൽ 45 ഫെയറുകളാണ് റംസാൻ കാലത്ത് നടത്തിയിട്ടുള്ളത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം .....(ബഹളം)..... പ്രത്യേക പരിഗണന നൽകി 64 റംസാൻ ഫെയറുകൾ കേരളത്തിൽ ആരംഭിച്ചിട്ടുണ്ട്.

മി. സ്പീക്കർ : ചോദ്യോത്തര സമയത്ത് എല്ലാ കാര്യങ്ങൾക്കും ഇങ്ങനെ ബഹളമുണ്ടാക്കുന്നത് ശരിയല്ല. മന്ത്രിമാരെ മറുപടി പറയാൻ അനുവദിക്കണം.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്, സാധനങ്ങൾ കൃത്യമായി വാങ്ങുന്നുണ്ടെന്നാണ്. സംസ്ഥാന സിവിൽസപ്ലൈസ് കോർപ്പറേഷന് അരി നൽകുന്ന, സംസ്ഥാനത്തിന് പുറത്തുള്ള ഏജൻസികൾ ഇത്തവണ അരി നൽകുന്നില്ലെന്നാണ് കഴിഞ്ഞ ദിവസം പുറത്തുവന്ന വാർത്ത. അവർക്ക് വലിയ സംഖ്യ കുടിശ്ശികയുണ്ട്. എല്ലാം ക്ലിയർ ആണെന്ന് പറയുമ്പോൾ വസ്തുതകൾ മന്ത്രി കാണുന്നുണ്ടോ ; മറ്റ് സംസ്ഥാന ഏജൻസികൾക്ക് ഗവൺമെന്റ് കൊടുക്കാനുള്ള കുടിശ്ശിക ഇതുവരെ കൊടുത്ത് തീർത്തിട്ടില്ല. എന്താണ് ഗവൺമെന്റിന്റെ പദ്ധതി ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. അനൂപ് ജേക്കബ് : സർ, ഇതുസംബന്ധിച്ച പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം കോർപ്പറേഷന്റെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തിയിരുന്നു. ഇപ്പോൾ സിവിൽസപ്ലൈസ് കോർപ്പറേഷന്റെ പക്കൽ ആവശ്യമായ സ്റ്റോക്കുണ്ട് ; യാതൊരു ഷോർട്ടേജുമില്ല. ഓണത്തിന്റെ ടെണ്ടർ നാളെയാണ് വിളിച്ചിരിക്കുന്നത്. അതിലും ടെണ്ടർ ക്വാട്ട് ചെയ്യുമെന്ന് തന്നെയാണ് പ്രതീക്ഷ. സ്റ്റോക്കിൽ കറവ് വരുന്ന സാഹചര്യമുണ്ടാകുന്നില്ല. സിവിൽസപ്ലൈസ് കോർപ്പറേഷനെ സംബന്ധിച്ച് യാതൊരു കുടിശ്ശികയും ഒരു കരാറുകാർക്കും കൊടുക്കാനില്ല. എല്ലാ സപ്ലയേഴ്സിനും കൃത്യമായി തുക കൊടുത്ത് തീർത്തിട്ടുണ്ടെന്നാണ് രേഖാമൂലം നൽകിയിട്ടുള്ള മറുപടി. അതുകൊണ്ടുതന്നെ കോർപ്പറേഷന് സാധനങ്ങൾ നൽകുന്നതിൽനിന്നും ഏജൻസികൾ മാറി നിൽക്കേണ്ട സാഹചര്യം കാണുന്നില്ല. ഏതെങ്കിലും സാഹചര്യത്തിൽ, അത്തരത്തിലുള്ള നടപടി ഉണ്ടായാൽ ബദൽ സംവിധാനം ഗവൺമെന്റ് സ്വീകരിക്കും. ഒരു കാരണവശാലും വിപണിയിൽ ക്ഷാമം ഉണ്ടാകാനുള്ള സാഹചര്യം ഉണ്ടാകില്ലെന്ന് ഗവൺമെന്റ് ഉറപ്പ് വരുത്തും.

ശ്രീ. ജെയിംസ് മാത്യു: സർ, തികച്ചും അടിസ്ഥാന രഹിതമായ കാര്യമാണ് മന്ത്രി ഇവിടെ പറഞ്ഞിട്ടുള്ളത്. സിവിൽ സപ്ലൈസ് കോർപ്പറേഷന് വെളിച്ചെണ്ണ ഉൾപ്പെടെയുള്ള നിത്യോപയോഗ സാധനങ്ങൾ നിരവധി വിതരണം ചെയ്ത ആളുകൾക്ക് പണം കിട്ടിയില്ലെന്ന് മാത്രമല്ല, അവർ എറണാകുളത്ത് നിരാഹാര സമരം ഇരിക്കുകയും ഇവിടെ വന്ന് പ്രതിപക്ഷ നേതാവിനെയും മുഖ്യമന്ത്രിയെയും കാണുകയും ചെയ്തതാണ്. അവരുടെ കുടിശ്ശിക തുക ഇതുവരെ കിട്ടിയിട്ടില്ല. സിവിൽസപ്ലൈസ് കോർപ്പറേഷന് സാധനം വിതരണം ചെയ്ത വകയിൽ ഒരാൾക്കും കുടിശ്ശിക കൊടുക്കാനില്ലെന്ന് പറഞ്ഞത് വസ്തുതയാണെങ്കിൽ അതുസംബന്ധിച്ച രേഖ സഭയിൽ വയ്ക്കണം.

ശ്രീ. അനൂപ് ജേക്കബ് : സർ, സപ്ലൈകോയ്ക്ക് വിതരണം ചെയ്ത സാധനങ്ങൾക്ക് കുടിശ്ശികയില്ലെന്ന് തന്നെയാണ് സപ്ലൈകോ എം.ഡി. ഗവൺമെന്റിനെ രേഖാമൂലം അറിയിച്ചിട്ടുള്ളത്. കുടിശ്ശികയുണ്ടെങ്കിൽ വകുപ്പുമന്ത്രി എന്ന നിലയിൽ എന്നെ വന്ന് കാണേണ്ടതാണ്. അത്തരത്തിൽ കുടിശ്ശിക ഉണ്ടെന്ന് പറഞ്ഞ് എന്നെ ആരും കണ്ടിട്ടില്ല.

(ചോദ്യോത്തര സമയം കഴിഞ്ഞു.)